**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 388** **23-01-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരത്തിൽ നിന്നുള്ള മാലിന്യം തിരുനൽവേലിയിൽ തള്ളിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിൽ നിന്നും മെഡിക്കൽ മാലിന്യം അടക്കം തിരുനെൽവേലിയിൽ തള്ളിയ സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മാലിന്യങ്ങൾ തിരുനെൽവേലിയിൽ തള്ളിയതുമായി ബന്ധപ്പെട്ട പത്ര വാർത്തയെ തുടർന്ന് ദേശീയ ഹരിത ട്രൈബ്യൂണൽ, ചെന്നൈ ബെഞ്ച് ,OA 312/2024 നമ്പരായി കേസ് സ്വമേധയാ രജിസ്റ്റർ ചെയ്തതിനെത്തുടർന്നുള്ള ബഹു ട്രിബ്യൂണലിന്റെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ടി മാലിന്യം തിരിച്ചെടുക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു . തുടർന്ന് ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിനായി 20/12/2024 ലെ GO (Rt) 2509/2024/LSGD പ്രകാരം നിയമിച്ച അന്വേഷണ കമ്മിറ്റി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിച്ചു. ആയത് പരിശോധിച്ചുവരുന്നു.<br><br>മാലിന്യം തള്ളിയതിന് ഉത്തരവാദിയെന്ന് കണ്ടെത്തിയ M/s സൺഏജ് എക്കോ സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ പേരിൽ നിയമനടപടി സ്വീകരിക്കുന്നതിന് പോലീസിൽ പരാതി നൽകുകയും ടി സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്തു . ജില്ലാ തലത്തിൽ എൻഫോഴ്സ്മെന്റ് നടപടികൾ കൂടുതൽ ഊർജ്ജിതപെടുത്തുകയും കേരള പഞ്ചായത്തിരാജ് ആക്ട് (2024 ഭേദഗതി), കേരള മുനിസിപ്പാലിറ്റി ആക്ട് (2024 ഭേദഗതി) എന്നിവ പ്രകാരം നിയമലംഘനങ്ങൾ നടത്തുന്നവർക്ക് എതിരെ നിയമനടപടികൾ സ്വീകരിച്ചും വരുന്നു .<br><br>സ്ഥാപനങ്ങൾ, 2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് നിയമങ്ങൾ കർശനമായി പാലിക്കണമെന്ന് എല്ലാ വകുപ്പ് തലവന്മാർക്കും കർശന നിർദ്ദേശം നൽകി . മാത്രമല്ല ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജനവുമായി |

ബന്ധപ്പെട്ട് സ്ഥാപന തലത്തിലും , ജില്ലാ മെഡിക്കൽ ഓഫീസ് തലത്തിലും, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിലും, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തുകയും നിർദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. കൂടാതെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു.

- ബയോ മെഡിക്കൽ മാലിന്യങ്ങൾ ഉറവിടം മുതൽ സംസ്കരണം വരെ തത്സമയം നിരീക്ഷിക്കുന്നതിന് കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കേന്ദ്ര മലിനീകരണ ബോർഡിന്റെ ബാർകോഡ് അധിഷ്ഠിത ബയോമെഡിക്കൽ മാനേജ്മെൻറ് സിസ്റ്റം മുഖേന ബന്ധിപ്പിച്ച് ഓരോ മാലിന്യ ബാഗിന്റെയും തത്സമയ ട്രാക്കിംഗ് നടത്തുന്നു.
- മാലിന്യങ്ങളുടെ ശരിയായ തരം തിരിവ് ഉറപ്പാക്കുന്നതിനായി 325 ആരോഗ്യസ്ഥാപനങ്ങൾക്ക് കേരള മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകി.
- ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016, ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ 2016 എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ മാലിന്യ ശേഖരണ കേന്ദ്രങ്ങൾ, MCF, RRF, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിദഗ്ധർ പരിശോധന നടത്തി വരുന്നു.
- മാലിന്യങ്ങളുടെ ശേഖരണം, ട്രാൻസ്പോർട്ടിങ് , സംസ്കരണം എന്നിവ ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണ രീതികൾ അവലോകനം ചെയ്യാനും മാലിന്യം കൃത്യമായി വേർതിരിക്കുന്നത് ഉറപ്പാക്കാനും തദ്ദേശ സ്ഥാപനങ്ങൾക്ക് ബോർഡ് നിർദേശം നൽകി
- തമിഴ്നാട് , കർണാടക അതിർത്തി ചെക്ക്പോസ്റ്റുകളിൽ മാലിന്യങ്ങൾ നിറച്ച വാഹനങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കാൻ സ്റ്റേറ്റ് പോലീസ് ചീഫ് , ട്രാൻസ്പോർട്ട് കമ്മീഷണർ, എക്സൈസ് കമ്മീഷണർ, ജി.എസ്.ടി കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകി
- മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങളുടെ അന്തർസംസ്ഥാന നീക്കം നിരീക്ഷിക്കുന്നതിനായി മലിനീകരണ

| | | | |
|---|---|---|---|
| | | | നിയന്ത്രണ ബോർഡ് വികസിപ്പിച്ച ജിപിഎസ് അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ട്രയൽ റണ്ണിലാണ്. കേരളത്തിനകത്തും സംസ്ഥാനങ്ങളിലുടനീളവുമുള്ള മാലിന്യ ഉൽപ്പാദകർ, സംവാഹകർ, മാലിന്യ സ്വീകർത്താക്കൾ എന്നിവരെ പ്രസ്തുത Online Portal ൽ രജിസ്റ്റർ ചെയ്യിപ്പിച്ച് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>റീസൈക്കിൾ ചെയ്യാൻ പറ്റാത്ത മാലിന്യങ്ങൾ സിമൻറ് പ്ലാന്റിൽ കോഇൻസിനറേഷൻ മുഖേന സംസ്കരിക്കുന്നതിന് വേണ്ട സംവിധാനം നടപ്പിലാക്കുന്നതിന് മലബാർ സിമെന്റ്സിന് നിർദ്ദേശം നൽകി |
| (ബി) | പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ട സ്ഥാപനത്തിന് അംഗീകാരം നൽകിയിരുന്നോ എന്നു വ്യക്തമാക്കാമോ; | (ബി) | ശുചിത്വ മിഷന്റെ കീഴിൽ ഒരു സേവന ദാതാവായി അജൈവമാലിന്യങ്ങളുടെ ഫോർവേഡ് ലിങ്കേജിനായി M/s സൺഏജ് എക്കോസിസ്റ്റംസ് ലിമിറ്റഡ് 5.09.2024- ന് എംപാനൽ ചെയ്തിട്ടുണ്ട്. എംപാനൽമെന്റ് കാലാവധി 2 വർഷമാണ് . സംസ്ഥാന മലിനീകരണ ബോർഡിൽ നിന്ന് നൽകിയ വൈറ്റ് കാറ്റഗറി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പ്രോസസ്സിംഗ് - കോ - പ്രോസസിംഗ് സൗകര്യങ്ങളുള്ള സ്ഥാപനങ്ങളുമായുള്ള കരാറുകൾ, മാലിന്യം ഗതാഗതത്തിന് ജി.പി.എസ് സൗകര്യങ്ങളുള്ള വാഹനങ്ങളുടെ ലഭ്യത, തിരുവനന്തപുരം ജില്ലാ ശുചിത്വ മിഷനിൽ നിന്നുള്ള തൃപ്തികരമായ ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള സമഗ്രമായ പരിശോധനയ്ക്ക് ശേഷമാണ് എംപാനൽമെന്റ് അനുവദിച്ചത്.<br><br>എന്നാൽ ബയോമെഡിക്കൽ മാലിന്യങ്ങൾ അനധികൃതമായി കടത്തിയതായി തെളിവുകൾ ലഭിച്ചതിന്റെ ഏജൻസിയെ അടിസ്ഥാനത്തിൽ 3 വർഷത്തേയ്ക്ക് കരിമ്പട്ടികയിൽപ്പെടുത്തി empaneled ലിസ്റ്റിൽ നിന്നും ശുചിത്വ മിഷൻ ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള പ്ലാന്റ്, ജി. പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ എന്നിവ പ്രസ്തുത സ്ഥാപനത്തിന് ഉണ്ടെന്ന് അംഗീകാരം നൽകുന്നതിന് മുൻപ് കോർപ്പറേഷൻ ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | M/s സൺഏജ് എക്കോ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയുടെ ഗോഡൗൺ സൗകര്യം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ഫോർവേഡ് ലിങ്കേജ്, സിമെന്റ് ഫാക്ടറികളുമായുള്ള കരാർ, ജി.പി.എസ് സംവിധാനമുള്ള വാഹനങ്ങളുടെ ലഭ്യത, ശുചിത്വ മിഷന്റെ അംഗീകാരം എന്നിവ കണക്കിലെടുത്താണ് തിരുവനന്തപുരം നഗരസഭ കരാറിൽ ഏർപ്പെട്ടത്. |

സെക്ഷൻ ഓഫീസർ